
# HAPPY VOICE

# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.34 DECEMBER 2022 No. 12



EDITORIAL

DECEMBER. 2022

# കൺവെൻഷനുകളും,കമ്മററിക്കാരും പിന്നെ പ്രസംഗകരും

കൺവെൻഷനുകളുടെ അഥവാ സമ്മേളനങ്ങളുടെ സീസൺ തുടങ്ങിക്കഴിഞ്ഞു. മുൻ കാലങ്ങളെ അപേക്ഷിച്ച് ബ്രദറൺ സമൂഹങ്ങളിലെ സമ്മേളനങ്ങൾക്ക് കാര്യമായ കുറവുകൾ വന്നിട്ടുണ്ട്. അതിന് ഒരു പ്രധാന കാരണം കോവിഡായിരുന്നു. കോവിഡു മാറി കഴിഞ്ഞപ്പോൾ ചില സ്ഥലങ്ങളിൽ വീണ്ടും കൺവെൻഷൻ എന്ന ആചാരം ആരംഭിച്ചിരിക്കുന്നു.

മുൻകാലത്ത് നടന്ന കൺവെൻഷനുകളും ഇന്നു നടക്കുന്ന കൺവെൻഷനുകളും കടലും കടലാടിയും പോലെയാണ്. കൺവെൻഷൻ എന്ന പേരു മാത്രമെയുള്ളു. ഇതുകൊണ്ട് ആർക്ക് എന്ത് പ്രയോജനം എന്ന് ഒന്നും ചോദിക്കരുത്. സുവിശേഷംഅറിയാത്തവരുടെയും, നാമധേയ ക്രൈസ്തവരുടെയും പങ്കാളിത്വം ഉണ്ടായിരുന്ന കൺവെൻഷനുകൾ ഇന്നു അന്യം നിന്നിരിക്കയാണ്. ഇന്നു ബ്രദറൺ നാമധേയത്തിൽ മാത്രം ഒതുങ്ങി കഴിഞ്ഞു.

ഈ ആചാരങ്ങൾക്കു അമിതപ്രാധാന്യം കൊടുക്കുന്നവരാണ് പത്തനംതിട്ടയിലെയും, കല്ലിശ്ശേരി ഭാഗങ്ങളിലെയും കുറെ ബ്രദറൺ വിശ്വാസികൾ.ഞങ്ങൾ കൺവെൻഷനുകൾക്ക് എതിരല്ല. എന്നാൽ ഇന്നു കാണുന്ന ഈ ആചാരങ്ങളെ ശക്തമായി എതിർക്കുകയും ചെയ്യുന്നു. കാരണം ഇതു ദൈവനാമമഹത്വത്തിനല്ല പ്രത്യുത ആ ഭാഗങ്ങളിലെ ചില തത്പരകക്ഷികളുടെ മഹത്വത്തിനുവേണ്ടിയെന്നതിനാൽ തന്നെ. കൺവെൻഷനുകളിൽ കൂടെ ദൈവനാമമഹത്വവും, വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിയും,പാപികളുടെ രക്ഷയും നടക്കുന്നില്ലെങ്കിൽ മററു സഭകളോ സമുദായങ്ങളോ ചെയ്യുന്നതുപോലെയുള്ള ഒരു ദുരാചാരം മാത്രമെന്നേ ഇതിനെ വിശേഷിപ്പിക്കുവാൻ സാധിക്കൂ. ഈ വർഷവും ഒരു കൺവെൻഷൻ നടത്തി എന്നു തൃപ്തിയടയുന്ന ഹ്യസ്വദൃഷ്ടിയുള്ളവരുടെ ഒരു കോമാളിത്തരമായി മാത്രമെ ഇതിനെ ആത്മീയരായവർ കാണുകയുള്ളു.

ഇനി കൺവെൻഷൻ കമ്മററിക്കാരാണ്. ചില കൺവെൻഷനുകളുടെ കമ്മററിക്കാർ സ്ഥിരം കുററികളാണ്. ഇതിൽ കൂടുതലും സ്ഥാനമോഹികളും, റിട്ടയാർഡ് ദാസൻമാരുടെ കോക്കസുകളുമാണ്. വേറെ ചിലരാകട്ടെ വിദേശങ്ങളിൽ നിന്നും വിശേഷാൽ ഗൾഫ് വാസം കഴിഞ്ഞു വന്നവരും. ഇവരിൽ ഭൂരിഭാഗംപേരും പൊതുസമ്മതരോ ശരിയായ നിലയിൽ ആത്മീയ ശുശ്രൂഷ ചെയ്യുവാനറിയുന്നവരോ അല്ല. കൂടിവന്നാൽ ഒരു പ്രാർത്ഥന നടത്തും.അതും ആദാമിൽ തുടങ്ങി പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അവസാനിപ്പിക്കും. ഇവർക്കൊക്കെ നോട്ടീസിൽ പേരു വരണം. നാലു പേരുടെ ഇടയിൽ മേനിനടിക്കണം. ഇപ്പോൾ പഴയ കാലം പോലെയല്ല. പല വിശ്വാസികൾക്കും പലതും തിരിച്ചറിയാൻ തുടങ്ങിയതിനാൽ ഈ കൺവെൻഷൻ കമ്മററിക്കാരെ നോക്കി ഒരു പുഞ്ചിരിസമ്മാനിക്കും. അതിലെല്ലാം അടങ്ങിയിട്ടുണ്ട്. നീ അല്ലെങ്കിൽ നിങ്ങൾ ആരെന്നു ഞങ്ങൾക്കറിയാം എന്നുള്ളതാണ് ആ ചിരിയിൽ അടങ്ങിയിരിക്കുന്നത്. മുൻകാലങ്ങളിൽ ചില സുവിശേഷകൻമാർ ഇവരുടെ മുമ്പിലൊക്കെ ഓക്കാനിച്ചു നില്ക്കാറുണ്ടായിരുന്നു. ആ കാലവും മാറി. കമ്മററിക്കാരായ ബാലിനു മുട്ടുമടക്കാത്തവരാണ് ഭൂരിഭാഗം സുവിശേ ഷകൻമാരും. അതു കമ്മററിക്കാരെ അസ്വസ്തരാക്കുന്നുണ്ട്.പ ക്ഷേ എന്തു ചെയ്യാം. സഹിക്ക തന്നെ. പത്തനംതിട്ട,കല്ലിശ്ശേരി,കോട്ടയം.. .തുടങ്ങിയ സ്ഥലങ്ങളിലെ കൺവെൻഷൻ കമ്മററിക്കാരെ ശ്രദ്ധിച്ചാൽ ഞങ്ങൾ



പറഞ്ഞത് സത്യമെന്നു മനസ്സിലാകും. പിന്നെ എല്ലാ കാലത്തും കുറെ മുഖസതുതി പറയുന്നവരും അടിയാൻ സ്വഭാവം കാണിക്കുന്നവരും ഉണ്ട്. ഈ ഭാഗങ്ങളിൽ ആത്മീയരും, കഴിവുള്ളവരും, നന്നായി ശുശ്രൂഷകളെ നടത്തുവാൻ അറിയാവുന്നവരും നിരവധിയാണ്. പക്ഷേ മാടമ്പിസംസ്ക്കാരമുള്ള ആജീവനാന്ത കമ്മററിക്കാർ സ്ഥാനം ഒഴിഞ്ഞുകൊടുക്കാത്തതാണ് കാരണം.

മൂന്നാമതായി പ്രസംഗകരാണ്. കുറെ സ്ഥിരം പ്രസംഗകർ. സ്റേറജിൽ കയറുമ്പോൾ ആത്മീയതയുടെ കുപ്പായമണിയുന്നവർ. മേൽപ്പറഞ്ഞ കമ്മററിക്കാരുടെ ഇച്ഛയ്ക്കനുസരിച്ച് പ്രസംഗിക്കുന്നതിനാൽ വർഷം തോറും സ്റേറജ് ഉറപ്പ്. രണ്ടും മൂന്നും പതിററാണ്ടു കളായി പ്രസംഗിക്കുന്ന വിരുതൻമാരം ഇതിലുണ്ട്. മററു സഭകളിലൊക്കെ ഓരോ വർഷവും മാറി മാറി പലർക്കും അവസരം നൽകുന്നു. ബ്രദറൺ കൺവെൻഷനുകളിലെ പ്രസംഗകരുടെ പേരുകൾ കണ്ടാൽ ഈ നാലും മൂന്നു ഏഴുപേരു മാത്രമെ ബ്രദറൺ സമൂഹിത്തലുള്ളോ എന്നു ആരു ചോദിച്ചുപോകും.

ഇവരെക്കാൾ നന്നായി വചനം ശുശ്രൂഷിക്കുന്നവരും, ദൈവകൃപയുള്ളവരും, എളിമയുള്ളവരും, സാക്ഷ്യമുള്ള വരുമായ ഡസൺകണക്കിനു പ്രസംഗകർ നമ്മുടെയിടയിൽ ഉണ്ട്. പക്ഷേ കമ്മററിയെന്ന കോക്കസും പ്രസംഗ തൊഴിലാളികളുടെ അസോസിയേഷനും ചേർന്ന് അത്തരത്തിലുള്ളവരെ ഒതുക്കുകയാണ്. പ്രസംഗകർ സമൂഹത്തെ ഇളക്കി മറിക്കുന്നവരാകണം. അതായത് ജനത്തിന്റെ പാപത്തെ ഓർമ്മിപ്പിക്കുന്നവരായിരിക്കണം. അതിനിടയാകാത്തതാണ് ബ്രദറൺ സമൂഹത്തിന്റെ അപച യത്തിനു കാരണം. ഇവരുടെ ഒരു വർഷത്തെ ആത്മിക ശുശ്രൂഷ എന്നു പറയുന്നത് കൺ വെൻഷനുകളാണ്. ഇവർക്ക് ഇതല്ലാതെ ഒരു പണിയും അറിയുകയില്ല. വരുവാനിരിക്കുന്ന ചില കൺവെൻഷനുകളിലെ ചില പ്രസംഗകരുടെ പേരുകൾ പരാമർശിക്കണമെന്നുണ്ടെങ്കി ലും തത്ക്കാലം ഒഴിവാക്കുന്നു. എന്നിരുന്നാലും ചിലർ കുടുംബ വഴക്കിൽപ്പെട്ടവർ, മററു ചിലർ ഉപദേശ പിശകുള്ളവർ, വേറെ ചിലർ സഭകളിൽ ആത്മീയ പൊളിററിക്സ് നടത്തുന്ന അന്യ സംസ്ഥാന പ്രസംഗ തൊഴിലാളികൾ, ബാലൻമാരുടെ സംഘത്തിന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്നവർ എന്നിങ്ങനെ എല്ലാ മസാലകളും ചേർന്നുള്ള കൺവെൻഷനിൽ കൂടി എങ്ങനെ ദൈവനാമം മഹത്വപ്പെടും. പക്ഷേ നമ്മുടെ കൺവെൻഷൻകാർക്ക് ഇത്തര പ്രസംഗകരെ മാത്രം മതി. ഇതു പോലെ വിവേക ശൂന്യരായ കമ്മററിക്കാർ ഏതെങ്കിലും സമൂഹത്തിലുണ്ടാകുമോ?

ആരൊക്കെ എന്തൊക്കെ പറഞ്ഞാലും എഴുതിയാലും ലജ്ജയില്ലാത്ത പെരുവയറൻമാരായ ക്രേത്തൻമാരുടെ തലുറയിൽപ്പെട്ടവരാണ് ഈ ബ്രദറൺ അഭിനവ പ്രസംഗപടുക്കളും കമ്മററിക്കാരും.പിന്നെ പ്രസംഗം കൊണ്ട് കേൾക്കുന്നവർക്കു പ്രയോജനമില്ലെങ്കിലും അവരുടെ ജീവിത പ്രശ്നമാകയാൽ നസ്രായന്റെ നാമത്തിൽ അവരും പ്രസംഗിക്കട്ടെ. ജീവിക്കട്ടെ. (SP)

# ഒരു പുനർ പരിശോധന ആവശ്യം

S.G.GILBERT - ARAMADA

യെഹൂദൻമാർ സർവ ശക്തനായ ദൈവത്തെ സംബോധന ചെയ്യാൻ ഉപയോഗിച്ച പദം യാഹേ എന്നാണ്. അതു അതി വിശുദ്ധ പദമാകയാൽ മനുഷ്യന്റെ വായിൽ ആ പദം ഉച്ചരിക്കാൻ പാടില്ല എന്ന വർ കരുതി. അതിനു സമാന്തരമായ യഹോവ എന്ന പദം ഉപയോഗിക്കാൻ തുടങ്ങി. സങ്കീർത്തനങ്ങൾ പാടുമ്പോൾ യഹോവ എന്ന പദം പാടേണ്ട സ്ഥലം വരുമ്പോൾ ആ സമയം ഗ്യാപ്പ് ഇട്ടിട്ടാണ് പാടുന്നത്. ദൈവത്തെ സംബോധന ചെയ്യുന്ന വിഷയത്തിൽ അവർ അത്രമാത്രം ശ്രദ്ധിച്ചിരുന്നു. ദൈവത്തെ സംബോധന ചെയ്യുന്ന വിഷയത്തിൽ യെഹൂദൻമാർ, മുസ്ലീംങ്ങൾ, ഹൈന്ദവർ വളരെ ബഹുമാനമുള്ള പദങ്ങളെ ഉപയോഗിക്കാറുള്ളു. ആ കാര്യത്തിൽ ക്രൈസ്തവരായ നാം എവിടെ നില്ക്കുന്നുവെന്നു ഈ ലേഖനത്തിലൂടെ ഒരു എത്തിനോട്ടം നടത്താം.

**A.** എന്തുകൊണ്ട് ദൈവത്തെ നീ എന്നു സംബോധന ചെയ്യരുത്"

ബൈബിൾ പരിഭാഷപ്പെടുത്തിയ കാലത്ത് വന്നു പോയ അപാകതയാണ് ഇതിന്റെ പിന്നിലെ കാരണം. എബ്രായ,ഗ്രീക്കു ഭാഷകൾ പരിശോധിച്ചും, ഇംഗ്ളീഷ് ഭാഷാ രീതി അവലംബിച്ചും മലയാള പരിഭാഷ നടത്തി. അന്നു അവർ ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഇന്നു അതു ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു.

നീ,അവൻ,ഇവൻ, നിന്നോട്, അവനോട് ഈ വാക്കുകൾ എല്ലാം നമ്മേക്കാൾ താണവരോട് സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളാണ്. ഇതു മലയാള ഭാഷയിൽ ബഹുമാന പദങ്ങളല്ല. സമപ്രായക്കാരും, കൂടെ പഠിക്കുന്നവരും തമ്മിൽ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷയാണിത്. ഉന്നത തലങ്ങളിൽ സമപ്രായക്കാരും ഒരേ റാങ്കുകാരും പരസ്പരം വളരെ ബഹുമാന ആദരവോടുകൂടെ മാത്രമെ ഭാഷയിലെ വാക്കുകൾ ഉപയോഗിക്കൂ.

**B.**എന്തുകൊണ്ട് ഈ വാക്കുകൾ മാററണം.

നമ്മുടെ ഭാഷയും മുകളിൽ പറഞ്ഞ വാക്കുകൾക്ക് സമാനമായി ബഹുമാന സൂചകമായി ഉപയോഗിക്കാവുന്ന വാക്കുകൾക്ക് യാതൊരു ക്ഷാമവുമില്ല. ദൈവത്തെ സംബോധന ചെയ്യാൻ ഇങ്ങനെയുള്ള വാക്കുകൾ ഉപയോഗിക്കാൻ ശീലിക്കണം. നീ, അവൻ, നിന്നോട്, അവനോട് എന്നീ പദങ്ങൾ മാററിയിട്ട് അവിടുന്ന്, അദ്ദേഹം,. അങ്ങ്, അങ്ങയോട്, അദ്ദേഹത്തോട് എന്നീ പദങ്ങൾ ഉപയോഗിക്കാൻ കഴിയും. ദൈവത്തെ സംബോധന ചെയ്യാൻ അങ്ങനെ മാററു ന്നതാണ് നല്ലത്.

ദൈവം ആരാണെന്ന് അറിഞ്ഞുവേണം ഭാഷ ഉപയോഗിക്കാൻ. ദൈവം സർവശക്തനാണ്. ദൈവത്തെക്കാൾ വലിയ വ്യക്തി ആരുമില്ല. അങ്ങനെയെങ്കിൽ ആ ദൈവത്തെ സംബോധന ചെയ്യാൻ ഭാഷയിൽ ഏററവും ബഹുമാനം കുറിക്കുന്ന പദങ്ങൾ മാത്രമെ ഉപയോഗിക്കാവൂ.,

**3.** അടുത്ത തലമുറയ്ക്ക് ദൈവഭയം ഉളവാകുവാൻ ഭാഷയക്ക് മാററം വരുത്തണം. കുഞ്ഞുങ്ങൾ ഇനിക്കുന്ന നാൾ മുതൽ ദൈവത്തെ അവനെന്നും, ഇവനെന്നും സംബോധന ചെയ്യുന്നതാണ് കേട്ടു വരുന്നത്. നമ്മുടെ രാജ്യത്തിലെ മന്ത്രിമാരെയുംരാഷ്ട്രീയ നേതാക്കളെയും പൊതുവെ പേരു പറഞ്ഞ് സംബോധന ചെയ്യാറുണ്ട്. അതേ സമയം ഒരു സദസ്സിൽ അവരെ സംബോധന ചെയ്യുമ്പോൾ പേരിനോട് ചേർന്ന് ബഹുമാനപദം ഉപയോഗിക്കാറുണ്ട്.നമ്മുടെ നാട്ടിലെ മന്ത്രിമാരെയോ പ്രധാന മന്ത്രിയെയോ രാഷ്ട്ര പതിയെയോ ആരും നീ, അവൻ, അവനോട്,എന്ന് സംബോധന ചെയ്യാറില്ല. ചെയ്യാൻ പാടുള്ളതല്ല. അങ്ങനെ ചെയ്താൽ അതു ശിക്ഷാർഹമാണ്. അങ്ങനെയെങ്കിൽ സർവവല്ലഭനായ നമ്മുടെ ദൈവത്തെ നീ, അവൻ, നിന്നോട്, അവനോട് തുടങ്ങിയ പദങ്ങൾ ഈ ആധുനിക യുഗത്തിൽ ഉപയോഗിക്കുന്നത് മാറേറണ്ട സമയം കഴിഞ്ഞിരിക്കുന്നു. എങ്കിലും നാം ഇതുവരെയും മാററിയിട്ടില്ല.

**4.** മററു മതക്കാർ തങ്ങൾ വിശ്വസിക്കുന്ന ദൈവത്തെ അവർ സംബോധന ചെയ്യുന്ന പദങ്ങൾ നാം ശ്രദ്ധിച്ചു പഠിക്കേണ്ടതാണ്. ഭാഷയിൽ ഏററവും ഭക്തിയോടും ബഹുമാനത്തോടും ഉപയോഗിക്കാവുന്ന പദങ്ങൾ മാത്രമെ അവർ ദൈവത്തെ സംബോധന ചെയ്യാൻ ഉപയോഗിക്കാറുള്ളു. അവരുടെ ഗാനങ്ങളിൽ കീർത്തനങ്ങളിൽ., പ്രസംഗങ്ങളിൽ, എഴുത്തുകളിലെല്ലാം അങ്ങനെയാണ് ഉപയോഗിക്കുന്നത്. മിഥ്യാമൂർത്തി ദൈവങ്ങൾക്ക് അവർ കൊടുക്കുന്ന ബഹുമാന സബോധനപോലും ജീവനുള്ള ഏക സത്യദൈവത്തിന് പലരും കൊടുക്കുന്നില്ലെന്നത് വളരെ ദുഃഖകരമാണ്.




**C. സംബോധനകൾ മാറേണ്ട മേഖലകൾ.**

**1. പ്രാർത്ഥനകളിൽ.** രഹസ്യ പ്രാർത്ഥനയിലും പരസ്യ പ്രാർത്ഥനയിലും എല്ലാം നല്ലൊരു പങ്ക് ആളുകളും ദൈവത്തെ നീ എന്നും അവൻ, നിന്നോട്, നീ തന്നെ എന്നുള്ള സംബോധനകൾ ചെയ്യാറുണ്ട്. അതു നൂറു ശതമാനം തെററാണ്. അത മാറേറണ്ടിയിരിക്കുന്നു.

**2. പ്രസംഗങ്ങളിൽ.** ബൈബിൾ വാക്യങ്ങൾ വായിക്കുമ്പോൾ അവൻ, ഇവൻ, അവനോട് എന്നു മാററിയുള്ള വേർഷൻ വരുന്നതുവരെ മാററി വായിക്കാൻ സാദ്ധ്യമല്ല. എന്നാൽ പ്രസംഗ മദ്ധ്യേ ബൈബിൾ ഉച്ചരിക്കാത്ത സന്ദർഭങ്ങളിൽ ഈ വാക്കുകൾ ഒഴിവാക്കി ദൈവത്തെ സംബോധന ചെയ്യുമ്പോൾ ബഹുമാനപദങ്ങൾ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

**3. ബൈബിൾ.** ഇപ്പോൾ ദൈവത്തെ അവൻ, ഇവൻ എന്നു തുടങ്ങിയ സംബോധനകൾ മാറി ബഹുമാനപദങ്ങൾ ഉപയോഗിച്ചുള്ള മലയാള ബൈബിൾ ഇറങ്ങി തുടങ്ങിയിട്ടുണ്ട്. അതു വളരെ നല്ലതും ആവശ്യവുമാണ്.

**4. *ഗാനങ്ങളിൽ.*** നമ്മുടെ പിതാക്കൻമാരുടെ കാലത്തെ ഗാനങ്ങളിലും, കീർത്തനങ്ങളിലും എല്ലാം ബൈബിളിലുള്ളതുപോലെ ദൈവത്തെ നീ, അവൻ, ഇവൻ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നതുപോലെ ഉപയോഗിച്ചിരിക്കുന്നു. ആ ഗാനങ്ങൾ പാടുമ്പോൾ മാററം വരുത്താൻ പ്രയാസമാണ്. നമ്മുടെ തലമുറയിൽ വർത്തമാനകാലത്ത് രചിക്കപ്പെടുന്ന ഗാനങ്ങളിൽ, കവിതകളിൽ ആ മാററം വരുത്താൻ സാധിക്കും.

➲ 6

# ദൈവജനത്തിന്റെ പാപത്തെ ഓർമ്മപ്പെടുത്തുന്നവരെ വിടക്ക് എന്നെണ്ണുന്നവരും; മുഖസ്തുതി പറയുന്നവരെ പുകഴ്ത്തുന്നവരും

E.S.THOMAS - EDAYARANMULA

♦ഇന്നിന്റെനാളിൽ മുന്നോട്ടുപോകുവാൻ ഏറെ പ്രയാസം അനുഭവിക്കുന്നവർ കാഴ്ചപ്പാടും ദർശനവുമുള്ളവർ മാത്രമാണ്,. അവരെ ആർക്കും വേണ്ട. അവരെ ആർക്കും ഇഷ്ടമല്ല.അവർക്ക് വേദികളിൽ പ്രവേശനമില്ല.സ്നേഹിതരില്ല. ശുപാർശയ്ക്ക് ആരുമില്ല.

♦അപ്പക്കാരുടെ പ്രമാണിയും പാനപാത്രവാഹകരുടെ പ്രമാണിയും ഒരുപക്ഷേ യോസേഫിനെ മറന്നുപോകും.വാക്കും മാറും.

♦പ്രിയ ദൈവ പൈതലെ നിന്നെ നശിപ്പിക്കുവാൻ തീച്ചൂളയിൽ എറിഞ്ഞുവോ. നിന്റെ ബന്ധനങ്ങളെ അഴിക്കാൻ മാത്രമെ ആ തീയ്ക്ക് സാധിക്കൂ.

യിസ്രായേലിന്റെ അധമ പാപത്തെ അവരെ ഓർമ്മിപ്പിച്ചുണർത്തിയ യെശയ്യാപ്രവാചകൻ ഒടുവിൽ ഈർച്ചവാളാൽ അറുക്കപ്പെട്ട് കൊല്ലപ്പെട്ടു. യിരെമ്യാവിനെ പൊട്ടക്കിണററിൽ തള്ളി ചങ്ങല ളകളാൽ ബന്ധിച്ചു. ഞെരുക്കത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും നൽകി പീഢിപ്പിച്ചു.

എലിയാവിനെ പ്രാണഭയത്തിലാക്കി. ഏലിശയെ മൊട്ടത്തലയാ എന്നു വിളിച്ചു പരിഹസിച്ചു. ആമോസിനോട് എടൊ ദർശകാ, തന്റെ പ്രസംഗം ഞങ്ങൾക്കു വേണ്ട, വേറെ വല്ലയിടത്തും പോയി പ്രസംഗിച്ചു കൊള്ളുക എന്നു പറഞ്ഞു ആട്ടിയോടിച്ചു. ശദ്രക്ക്, മേശക്, അബേദ്നെഗോം എന്നിവരെ തീച്ചൂളയിൽ വലിച്ചെറിഞ്ഞ് ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ എറിഞ്ഞു, യോഹന്നാൻ സ്നാപകന്റെ തല അറുത്തു മാററി. പൗലോസിനെ തടവിലാക്കി ഉപദ്രവിച്ചു. വാക്കുകൾ നിന്ദ്യം. ശരീര സന്നിധി ബലഹീനം എന്നു ആരോപിച്ചു.

യോഹന്നാൻ അപ്പോസ്തലനെ നാടു കടത്തി. നൂററാണ്ടുകളിലൂടെ ദൈവം തന്റെ നാമത്തിനായി ഉപയോഗിച്ചു വന്ന പലരോടും ലോകവും സ്വജനവും അങ്ങനെ ചെയ്തു. യോസേഫിനെ അറിഞ്ഞ ഫറവോന് ശേഷം യോസേഫിനെ അറിയാത്ത ഫറവോന്റെ ഡൈനാസ്ററി യിസ്രായേലിനെ ഉപദ്രവിച്ചു. ഇന്നും കാഴ്ച്ചപ്പാടുള്ളവരെയും ജനത്തിന്റെ പാപങ്ങളെ ഓർമ്മപ്പെടുത്തുന്നവരെയും വിടക്ക് എന്നെണ്ണി ജനം തള്ളിക്കളയുന്നു. പാപത്തെ ഓർമ്മപ്പെടുത്തുന്നവരെ എന്തെങ്കിലുംകുററം ചുമത്തി തള്ളിക്കളയുന്നു.

മുഖസ്തുതി പാടുന്നവരെ ആവോളം പ്രയോജനപ്പെടുത്തുന്നു. ഒററവാക്കിൽ പറഞ്ഞാൽ ലോകം അവർക്കു യോഗ്യമായിരുന്നില്ല. ഇന്നിന്റെനാളിൽ മുന്നോട്ടുപോകുവാൻ ഏറെ പ്രയാസം അനുഭവിക്കുന്നവർ കാഴ്ചപാടും ദർശനവുമുള്ളവർ മാത്രമാണ്,. അവരെ ആർക്കും വേണ്ട. അവരെ ആർക്കും ഇഷടമല്ല.അവർക്ക് വേദികളിൽ പ്രവേശനമില്ല.സ്നേഹിതരില്ല. ശുപാർശയ്ക്ക് ആരുമില്ല. അവർ എല്ലായ്പ്പോഴും ഉപേക്ഷിക്കപ്പെടുന്നു. സാരമില്ല. മനുഷ്യരാൽ അനാദരിക്കപ്പെട്ട എത്രയോ ജൻമങ്ങൾ നിത്യതയിൽ ആദരിക്കപ്പെടാൻ പോകുന്നു. അപ്പക്കാരുടെ പ്രമാണിയും പാനപാത്ര




വാഹകരുടെ പ്രമാണിയും ഒരുപക്ഷേ യോസേഫിനെ മറന്നുപോകും.വാക്കും മാറും. എന്നാൽ യോസേഫിനെ ഓർക്കുവാൻ ഒരു ഫറവോൻ ഉണ്ടാകും . അന്നാളിൽ അവൻ ആദരിക്കപ്പെടും അതാണ് ജീവനുള്ള പ്രത്യാശ.

കുണ്ടറയിൽ തള്ളപ്പെട്ടവന്റെ മുമ്പാകെ എല്ലാവരും മുട്ടുകുത്തുവിൻ എന്ന ധ്വനി കേൾക്കുന്ന ഒരു ദിവസമുണ്ട്. അതോർത്ത് ആശ്വസിക്കുക. വില്യം ഷേക്സ്പിയർ ഒരിക്കൽ എഴുതി. മനുഷ്യൻ എത്ര നന്നായാലും മനുഷ്യൻ തന്നെ. മനുഷ്യർ തള്ളും. ഒററപ്പെടുത്തും, ഉപേക്ഷിക്കും, വിടക്കാക്കി മാററും, കൊള്ളരുതാത്തവനെപ്പോലെ വിധിയെഴുതും. മേദ്യരുടെയും പാർസ്യരുടെയും അഴിവില്ലാത്ത വിധിയുടെ മുദ്രകൊണ്ട് മുദ്രയിടും കെട്ടും. എന്നാൽ ദൈവം തമ്പുരാൻ ആ മുദ്ര പൊട്ടിക്കും കെട്ടുകൾ അറുത്തു മാററും. എന്നാൽ മനുഷ്യൻ കെട്ടുന്ന കെട്ടുകൾ അഴിക്കുവാൻ മാത്രം മതിയാകുന്നവനാണ് അവൻ ഏഴു മടങ്ങായി വർദ്ധിപ്പിച്ച തീച്ചൂള.

പ്രിയ ദൈവ പൈതലെ നിന്നെ നശിപ്പിക്കുവാൻ തീച്ചൂളയിലേക്ക് എല്ലാവരും കൂടെ നിന്നെ എറിഞ്ഞുവോ. പേടിക്കേണ്ട. നിന്റെ ബന്ധനങ്ങളെ അഴിക്കാൻ മാത്രമെ ആ തീക്ക് സാധിക്കൂ. നീ വെന്തുപോകുന്നതു കണ്ട് രസിക്കാൻ ആഗ്രഹിച്ചവർ നോക്കി നിൽക്കെ നിന്റെ ബന്ധനങ്ങൾ അഴിഞ്ഞ് നീ സ്വതന്ത്രനാകുവാൻ നിന്റെ ദൈവം നിന്നെ അനുവദിക്കുന്ന സമയം വിദൂരല്ല.

# നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന് ?

## (What causes fights and quarrels among you )

N.S.SAMUEL-MYLAPRA

ധാർമിക ജീവിതത്തെപ്പററി യാക്കോബ് നൽകുന്ന പ്രബോധനങ്ങൾ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിന്റെ പ്രതിധ്വനികളായി മനസ്സിലാക്കാൻ സാധിക്കും. (മത്തായി 5) യാക്കോബ് ഉപദേശിക്കുന്ന പ്രവൃത്തികളാലുള്ള നീതീകരണം മനുഷ്യന് മനുഷ്യന്റെ ദൃഷ്ടിയിൽ ലഭിക്കേണ്ട നീതീകരണമാണ്. യാക്കോ 2:24. എന്ത് അധർമ്മവും വിജയകരമായി നടപ്പിലാക്കാൻ ഉള്ള വേദിയല്ല ആത്മിക മണ്ഠലം. അന്യോന്യംഅപലപിക്കുന്നതിനും അപശ്രുതി പരത്തുന്നതിനും മടിയില്ലാത്തവരുടെ വികാരരംഗമായി സാമൂഹ്യ വാർത്താ സംവിധാനം മാറിക്കഴിഞ്ഞു. ചിലരെ ഉൻമൂലനം ചെയ്യാൻ അരക്കില്ലം തീർത്ത് അക്ഷമയോടെ കാത്തിരിക്കുന്നവരും അപജയം ഭയന്ന് അന്തസ്തോഭം തെററിയവരും വിശ്വാസ സമൂഹത്തെ മലീമസമാക്കുന്നു.



ക്രിസ്ത്യാനികളിൽ ശണ്ഠയും കലഹവും എന്തുകൊണ്ട് ഉണ്ടാകുന്നു. വാസ്തവത്തിൽ സഹോദരൻമാർ ഒത്തൊരുമിച്ചു വസിക്കേണ്ടവരാണ്. സങ്കീ 133:1. അപ്പോസ്തലനായ പൗലോസ് കൊരിന്തിലെ വിശ്വാസികളോട് ചോദിക്കുന്നു.നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ജഢീകൻമാരും ശേഷം മനുഷ്യരെപോലെ നടക്കുന്നവരും അല്ലയോ.1 കൊരി 3:. ഈർഷ്യയും പിണക്കവും ഉണ്ടാകുന്നത് ജഢത്തിൽ നിന്നാണ്. ഇവിടെ ശേഷംമനുഷ്യർ എന്നുപറയുന്നത് ക്രിസ്തുവിനെ കൂടാതെയുള്ളവരെയാണ്. ക്രിസ്തേശുവിനുള്ളവർ ജഢത്തെ ിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു. ഗലാ 5:24. ജഢത്തിന്റെ ഇച്ഛകൾ സാധിക്കാതെ വരുമ്പാൾ ക്രോധം, ശാഠ്യം,ദ്വന്ദപക്ഷം, ഭിന്നത, അസൂയ ഇത്യാദികൾ പുറത്തുവരുന്നു. ഗലാ 5:19-20. ആത്മാവിന്റെ നിയന്ത്രണത്തിനു കീഴ്പ്പെടാതെ ജഢത്തിലും തങ്ങളുടെ കഴിവിലും ഈ ലോകത്തിന്റെ ജ്ഞാനത്തിലും പ്രശംസിക്കുന്നവർ കൂട്ടു സഹോദരങ്ങളെ പരിഹസിക്കുന്നതിനും വെല്ലുവിളിക്കുന്നതിനും തങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നു. ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രെ. 1 കൊരി. 319 എന്നു മനസ്സിലാക്കുന്നതിനുള്ള വിവേകം ഇവർക്കില്ലാതാ യിരിക്കുന്നു. ഇത് വളരെ അപകടകരമായ അവസ്ഥാ വിശേഷം ആണെന്നതിന് സംശയമില്ല.



നാം അന്യോന്യം പോരിനു വിളിച്ച് അന്യോന്യം അസൂയപ്പെട്ടുംകൊണ്ട് ദുരാഭിമാനികൾ ആകരുത്. ഗലാ 5:25. അന്യോന്യം പോരിനു വിളിക്കുന്നവരെ വൃഥാഭിമാനികൾ എന്നാണ് ദൈവവചനം വിശേഷിപ്പിച്ചിരിക്കുന്നത്. ശണ്ഠയിടാതെ ശാന്തതയുംദോഷം സഹിക്കുന്നിനു മടിയല്ലാതെ ആരെകൊണ്ടും ദൂഷണം പറയാതെ സകല മനുഷ്യ രോടും പൂർണ്ണ സൗമ്യത കണിപ്പാനും ഒരു വിശ്വാസി ബാദ്ധ്യസ്ഥനാണ്. തീത്തോസ് 3:2. തിമൊ2:24. മാത്രമല്ല റോമിലെ വിശ്വാസികളോട് പൗലോസ് പറയുന്നു,സഹോദര പ്രീതിയിൽ സ്ഥായി പൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ. റോമർ 12:10. കൂട്ടു സഹോദരങ്ങളോട് ബഹുമാനത്തോടെ സംസാരിക്കുന്നതിലും ഇടപെടുന്നതിനും ഓരോ വിശ്വാസിയും ശുഷ്ക്കാന്തി കാട്ടേണ്ടിയിരിക്കുന്നു. ദാർഷ്ട്യത്തോടെ അപമര്യാദയായി അന്യോന്യം പെരുമാറുന്നത് വിശ്വാസിക്കു ചേർന്ന പ്രവൃത്തിയല്ല. ശണ്ഠയും കലഹവും സൃഷ്ടിച്ച് ജീവിതത്തിൽ അപജയം മാത്രം പ്രാപിച്ചവരെക്കുറിച്ചും ദൈവവചനത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നു. ലോത്ത് അബ്രഹാമുമായി കലഹിച്ചു. ഫലം നമുക്കേവർക്കും അറിയാം. ഉല്പ 13. അബ്ശാലോം തന്റെ പിതാവിനെതിരെ യുദ്ധത്തിനു തുനിഞ്ഞു. പരിതാപകരമായ അന്ത്യം. 2.ശമുവേൽ 13-18 വരെയുള്ള ഭാഗങ്ങളിൽ നിന്നും പാഠമായിരിക്കുന്നു.

വിശ്വാസികൾ ദൈവമക്കളാണ് യേശുക്രിസ്തുവിൽ കൂട്ടുസഹോദരങ്ങളാണ്. അന്യോന്യം സ്നേഹിക്കുന്നതിനല്ലാതെ ദ്വേഷിക്കുന്നതിനു ദൈവവചനം അനുശാസിക്കുന്നില്ല. തങ്ങൾ ബുദ്ധിമാൻമാരെന്നും കൂട്ടുസഹേദരങ്ങൾ ഒക്കെ ബുദ്ധിഹീനർ എന്നും നിരൂപിക്കുന്നവരുണ്ട്. അവരോട് ദൈവവചനം പറയുന്നു. തങ്ങളെത്തന്നെ ബുദ്ധിമാൻമാർ എന്നു നിരൂപിക്കരുത്. റോമ12:16. ആത്മിക ശുശ്രുഷകളിൽ ശുഷ്ക്കാന്തി കാണിക്കുന്നവരിൽ സ്നേഹമില്ലായെങ്കിൽ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളങ്ങളോ അത്രെ. 1 കൊരി 13:1.

ദൈവമക്കൾ ശണ്ഠയും കലഹവും ഉപേക്ഷിക്ഷിച്ച് ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകുന്നതിനു ഇടവരാതെ ആത്മ നിയന്ത്രണത്തിൽ ആത്മബലം പുറപ്പെടുവിക്കുന്നവരായിത്തീരുവാൻ ദൈവം സഹായിക്കട്ടെ.

# യേശുക്രിസ്തുവിന്റെ നിസ്തുല്യത

SAMSON HENRY - KOLLAM

ക്രിസ്തുവിനെ ഒരു മഹാനായും,മതനേതാവായും അനേകർ കരുതുന്നു. എന്നാൽ മററാരോടും താരതമ്യപ്പെടുത്താനാവാത്തവിധം ക്രിസ്തു നിസ്തുല്യനാണ്. യേശുക്രിസ്തുവിന്റെ, ജനനം,ജവിതം ,മരണം, ഉയിർത്തെഴുന്നേല്പ്,പുനരാഗമനം എന്നിവയിലുള്ള പ്രത്യേകതകളിലെല്ലാം തന്റെ നിസ്തുല്യതയ്ക്ക് തെളി വായിരിക്കുന്നു.

**1.ജനനം.**

യേശുക്രിസ്തുവിന്റെ ജനനം ഏകദേശം 700 വർഷങ്ങൾക്കു മുമ്പ് ദൈവത്തിന്റെ പ്രവാചകൻമാർ അറിയിച്ചിരുന്നു. കന്യകഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും.(യെശ 7:14). മീഖ.5:2. യേശുക്രിസ്തുവിന്റേതല്ലാതെ ലോകത്തിലൊരു വ്യക്തികളുടെയും ജനനത്തെയോ, ജനന സ്ഥലത്തേയോ മുന്നമേ പറഞ്ഞിട്ടില്ല.

യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള ഒന്നാമത്തെ വരവിനെ ബന്ധപ്പെടുത്തി കാലത്തെ ബി.സി.(ക്രിസ്തുവിനു മുമ്പ്) എന്നു എ.ഡി (ക്രിസ്തുവിനു ശേഷം) എന്നും ( B.C= Before Christ/ A.D= Anno Domini= in the year of our LORD)രണ്ടായി തിരിക്കുന്ന ചരിത്രസത്യമായിരിക്കുന്നു. ഇന്നു ഏതു ജാതിയിൽപെട്ടയാളായാലും തന്റെ ജനനതീയതി പറയുമ്പോഴോ, ഏതെങ്കിലും വ്യവഹാരത്തിൽ തീയതി എഴുതുമ്പോഴോ അതു ക്രിസ്തുവിന്റെ ഒന്നാം വരവുമായി(എ.ി) ബ്ന്ധപ്പെട്ടിരിക്കുന്നു.




യേശുക്രിസ്തു മാത്രമാണ് ലോകത്തിലേക്കു വന്നത്. നാം ഭൂമിയിൽ ജനിച്ചവരാണ്. മാത്രവുമല്ല നാം ജനിക്കുന്നതിനു മുമ്പ് നമ്മെപ്പററി ആർക്കും അറിവില്ലായിരുന്നു. എന്നാൽ ക്രിസ്തു ഭൂമിയിലേക്കു വരുന്നതിനു മുമ്പ് താൻ എവിടെ വരുമെന്നും, എപ്പോൾ വരുമെന്നും, എന്തിനായി വരുമെന്നും തിരുവചനം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു.(1 തിമൊ 1:15). ഇങ്ങനെ ഒരു ജനനം ലോകത്തിലുണ്ടായിട്ടില്ല. ഇതാണ് യേശുക്രിസ്തു വിന്റെ ജനനത്തിലെ നിസ്തുല്യത.

**2. ജീവിതം.**

ഈ ലോകത്തിൽ യേശുക്രിസ്തുവിന്റെ ജീവിതം നിസ്തുല്യമാണ്. മുടന്തർക്ക് വിടുതൽ,കുരുടർക്ക് കാഴ്ച, കുഷ്ഠരോഗികൾക്കു സൗഖ്യം, അശുദ്ധാത്മാക്കളിൽ നിന്നു മോചനം, മരിച്ചവരെ ഉയിർപ്പിക്കൽ, കാററിനെയും കടലിനെയും ശാസിക്കൽ, പച്ചവെള്ളത്തെ വീഞ്ഞാക്കൽ എന്നിങ്ങനെയുള്ള അത്ഭുതങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു. പാപികളോടും ദോഷികളോടും കൂടെ വസിച്ചു. അവർക്കു ആശ്വാസം നൽകി. അവൻ പാപം ഇല്ലാത്ത ജീവിതം നയിച്ചു. അവനിൽ ഞാനൊരു കുററവും കാണുന്നില്ല.(യോഹ 18:38, യോഹ 19:4(6, മത്തായി 27:44) എന്നു റോമൻ ഗവർണർ ആയ പീലാത്തോസ് ആവർത്തിച്ചു പറഞ്ഞു. നിങ്ങളിൽ ആർ എന്റെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു.(യോഹ 8:46 എന്നു ഒരിക്കൽ കർത്താവ് വെല്ലു വിളിച്ചു.

യേശുക്രിസ്തുവിനെക്കുറിച്ച് അപ്പോസ്തലൻമാർ പറയുന്നതു ശ്രദ്ധിക്കുക.

പൗലോസ്- പാപം അറിയാത്തവൻ(2 കൊരി 5:21)
പത്രോസ്- അവൻ പാപം ചെയ്തിട്ടില്ല(1 പത്രോ 2:22)
യോഹന്നാൻ- അവനിൽ പാപം ഇല്ല(1 യോഹ 3:5).




**3. മരണം.**

ലോകമനുഷ്യരെല്ലാം ജനിച്ചതുകൊണ്ട് മരിക്കുന്നുവെങ്കിൽ യേശുക്രിസ്തു മരിക്കുവാനായി ജനിച്ചു. എന്നെന്നേക്കും ഒരിക്കലായിട്ടുള്ള ഒരു പ്രായച്ഛിത്തയാഗമരണത്തിനായി താൻ ജനിച്ചു. മനുഷ്യവർഗ്ഗത്തിന്റെ സകല പാപങ്ങളും വഹിച്ചുകൊണ്ടുള്ള ഒരു പ്രാതിനിദ്ധ്യമരണമായിരുന്നു യേശുക്രിസ്തുവിന്റേത്. ഞാൻ ഇവനിൽ ഒരു കുററവും കാണുന്നില്ല(യോഹ 19:4-6) എന്നു പറഞ്ഞ ന്യായാധിപൻ ക്രിസ്തുവിനെ ക്രൂശിക്കുവാനായി ഏല്പിച്ചു. ഒരുവനെ വിസ്തരിച്ച ശേഷം നിരപരാധിയെന്നു വിധിച്ചിട്ടു അതേ ന്യായാധിപൻ തന്നെ ആ നിരപരാധിയെ ശിക്ഷിക്കുന്ന നടപടി കേട്ടിട്ടില്ല. നീതിമാനായ യേശുക്രിസ്തുവിന്റെ കാര്യത്തിൽ അതാണ് സംഭവിച്ചത്. യേശുക്രിസ്തുവിന്റെ മരണത്തിൽ ദൈവമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി, പാറകൾ പിളർന്നു. കല്ലറകൾ തുറന്നു. നിദ്രപ്രാപിച്ച വിശുദ്ധൻമാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേററു. സൂര്യൻ നട്ടുച്ചയ്ക്ക് ഇരുണ്ടുപോയി. ദേശത്തു കൂരിരുട്ടുണ്ടായി.ഭൂമി കുലുങ്ങി. (മത്തായി 27:45-54).ഇതുപോലെ ഒരു മരണം മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. (തുടരും)

# സത്യവേദപുസ്തകം: വ്യക്തികളെയും സമൂഹങ്ങളെയും രൂപാന്തരപ്പെടുത്തുന്ന പുസ്തകം

(3)

K.V.GEORGE - PATHANAPURAM


## 2. സമൂഹങ്ങളുടെമേലുള്ള സ്വാധീനം

തന്റെ ലോക പര്യടനത്തിൽ ദക്ഷിണ അമേരിക്കയുടെ ദക്ഷിണ മുനമ്പിലുള്ള ററിറാഡെൽ ഫ്യൂഗോ എന്ന ദ്വീപ് സന്ദർശിച്ചതായി പരിണാമ വാദത്തിന്റെ ഉപജ് ഞാതാവായ ചാൾസ് ഡാർവിൻ Voyage of the Beagle എന്ന ഗ്രന്ത്തിൽ വിവരിക്കുന്നുണ്ട്. ഒരിക്കലും വ്യത്യാസപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്ത നിലയിൽ ധാർമ്മികമായി അത്രമാത്രം അധഃപതിച്ചവരാണ് അവിടുത്ത ജനങ്ങളെന്ന് താൻ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ അനേക വർഷങ്ങൾക്കു ശേഷം ഡാർവിൻ അവിടെ മടങ്ങി വന്നു. അവിടെയുണ്ടായ പരിവർത്തനം കണ്ടപ്പോൾ താൻ അത്ഭുതസ്തബ്ധനായിപോയി. തന്റെ ആദ്യ സന്ദർശനത്തിനുശേഷം തദ്ദേശവാസികളുടെ ഭാഷയിൽ വേദപുസ്തക തർജ്ജ്ജ ചെയ്ത് സുലഭമായിവിതരണം ചെയ്തിരുന്നു.തൻ മൂലം അവരുടെ ജീവിതം രൂപാന്തരപ്പെട്ടു. മാനസിക അന്ധത ദുഷ്ടത എന്നിവയുടെ സ്ഥാനത്ത് സന്തോഷകരമായ ചൈതന്യം ഉത്സാഹ ശീലം, സദാചാര നിഷ്ഠ ഇവ സ്ഥലം പിടച്ചു.ഈ അത്യാശ് ചര്യകരമായ മാററം നേരിൽകണ്ടു ബോദ്ധ്യപ്പെട്ട ആ നിർവിശ്വാസി തുടർന്ന് എല്ലാ വർഷവം ബൈബിൾ സൊസൈററിക്കു സംഭാവ ന നൽകുവാൻ പ്രേരിതനായിത്തീർന്നു.




ഇതേ ഡാർവിൻ തന്റെ ജൻമ സ്ഥലത്തു കടന്നു വന്ന് സുവിശേഷം ഘോഷിച്ച ചില ക്രിസ്ത്യാനികളെ അഭിനന്ദിക്കേണ്ട ഒരു സന്ദർഭമുണ്ടായി. പ്രസ്തുത ക്രിസ്ത്യാനികൾ തുടർച്ചയായി തന്റെ പട്ടണത്തിൽ സുവിശേഷം അറിയിച്ചു. അവരുടെ ശശ്രൂഷകന് ഡാർവിൻ ഇപ്രകാരം എഴുതത്തക്കവണ്ണം അതിന്റെ ഫലം വിസ്മയകരമായിരുന്നു. ഞങ്ങളുടെ കഴിഞ്ഞ അനേക വർഷങ്ങളിലെ പ്രയ്നങ്ങളെക്കാളും അധികമായ നൻമ നിങ്ങളുടെ ചുരുങ്ങിയ മാസങ്ങളിലെ ശുശ്രൂഷ ഈ പട്ടണത്തിൽ ഉളവാക്കിയിരിക്കുന്നു. ഇത്രയം കാലമായി ഞങ്ങൾക്കു ഒരു മദ്യപനെ നന്നാക്കുവാൻകഴിഞ്ഞിട്ടില്ല. എന്നാൽ നിങ്ങളുടെ ശുശ്രൂഷ മൂലം ഒരു മദ്യപനും ഈ പട്ടണത്തിൽ അവശേഷിച്ചിട്ടില്ല.

നിരീശ്വരയുക്തിവാദത്തിന്റെ മുഖ്യ പ്രണേയിതാക്കളിൽ ഒരുവനും സുപ്രസിദ്ധ ജർമ്മൻശാസ്ത്ര ജ്ഞനുമായിരുന്നു ഏണസ്റ്റ് ഹെക്കൽ ബൈബിളിന്റെ പരിവർത്തന ശക്തി താഴെവരും വണ്ണം രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തീയ ധാർമ്മിക പ്രമാണങ്ങളുടെ പ്രചരണവും അതിന്റെഉത്കൃഷ്ട സ്വാധീനവുമാണ് മാനവസംസ്ക്കാരത്തിന്റെ ഇന്നത്തെ ഉയർച്ചയ്ക്കും മഹത്വത്തിനും നിദാനമെന്നതിന് യതൊരു സംശയവുമില്ല.




അപരിഷ്കൃതരും കിരാതൻമാരെപ്പോലെ ജീവിച്ചിരുന്നവരുമായ ബ്രിട്ടീഷ് ജനതയെ സംസ്ക്കാര സമ്പന്നരും പരിഷ്ക്കൃതരുമാക്കിത്തീർത്തത് ആറാം ശതകത്തിൽ അവരുടെ അടുക്കലേക്കു കടന്നുചെന്ന സുവിശേഷമായിരുന്നു.ജർമ്മനിയുടെ ഔന്ന്യത്ത്യത്തെപ്പററി ഗോഥേ പറഞ്ഞിരിന്നത് കേൾക്കുക. മാർട്ടിൻ ലൂഥർ എർത്ത്ഫേർത്തിലെ സന്ന്യാസാശ്രമത്തിൽ കണ്ടെത്തിയ തുറന്ന വേദപുസ്തകവും അതു ജർമ്മൻ ജനതയ്ക്ക് അവരുടെ ഭാഷയിൽ താൻ നൽകിയതുമാണ്. ജർമ്മനിയുടെസ്വാതന്ത്ര്യത്തി നും ഉയർച്ചയ്ക്കും കാരണം. ജർമ്മൻ ഭാഷയുടെയും അതിന്റെ മുഴുമഹാൻമാരുടെയും സർവ ശക്തിയും അതിന്റെ രാജകീയ പുരോഗതിയും ആരംഭിച്ചത് ജർമ്മൻ ജനതയ്ക്ക് ദൈവവചനം അവരുടെ മാതൃഭാഷയിൽ ലഭിച്ചപ്പോൾ മുതലാണ്.

ജനാധിപത്യത്തിന്റെ ദുർഗ്ഗമായ അമേരിക്കൻ ഐക്യനാടുകളുടെ അഭ്യുന്നതിയുടെ അടിസ്ഥാനവും ബൈബിളത്രെ. അമേരിക്കൻ സെനററും പ്രസിദ്ധ നിയമജ്ഞ്ഞനുമായിരുന്ന റൂഫസ് ചോട്ടിന്റെ വിപുലമായ പുസ്തക ശാലയിലേക്കു നോക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ഒരു സനേ്ഹിതൻ ഹാസ്യപൂർവം പ്രസ്താവിച്ചു. പുതിയനിയത്തിന്റെ ഏഴുപതിപ്പുകൾ ഇവിടെയുണ്ടെങ്കിലും ഭരണഘടനയുടെ ഒരു കോപ്പിപോലും ഇവിടെയില്ലല്ലോ. ചോട്ട് മറുപടിയായി, എന്റെസുഹൃത്തേ. എന്റെരാജ്യത്തിന്റെ ഭരണഘടന ആ ഗ്രന്ഥങ്ങളാണെന്ന് താങ്കൾ മറന്നുപോയല്ലോ എന്നു പറഞ്ഞു.

ചരിത്രപരമായ ഒരു വസ്തുതയാണ്. റൂഫസ് ചോട്ട് ഇവിടെ സുചിപ്പിച്ചത്. ജനങ്ങളുടെ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റ് എന്ന ജനാധിപത്യ ത്തെക്കുറിച്ചുള്ള ഏബ്രഹാം ലിങ്കന്റെ അനശ്വരമായ നിർവചനത്തിന്റെ ഉത്ഭവം വേദപുസ്തകത്തിന്റെ പ്രഥമ ഇംഗ്ളിഷ് ബൈബിൾ വിക്ളീഫ് ബൈബിളിന്റെ മുഖവുരയിൽ നിന്നായിരുന്നു.ആപുരാതന തർജ്ജ്ജമയുടെ മുഖവുര ഇപ്രകാരമത്രെ. വേപുസ്തകം ജനങ്ങളുടെ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടിയുള്ളഒരു ഗവൺമെന്റ് സാദ്ധ്യമാക്കി തരുന്നു.

ലോക സംസ്ക്കാരത്തിന്റെ വിവിധ മണ്ഠലങ്ങളിൽ ദൈവവചനത്തിന്റെ സ്വാധിനം അതഭുതാവഹമത്രെ.

(തുടരും)

“നൻമയും ന്യായവും സത്യവും” പ്രവർത്തിക്കുന്ന

# യെഹസ്ക്കിയാവുമാരെ ബ്രദറൺ സമൂഹത്തിനാവശ്യം (26)

(2. ദിനവൃത്താന്തം 29,30,31,32)

SIMON PAYYANUR

അശൂർ രാജാവായ സൻഹേരിബ് യെഹസ്ക്കിയാവിന്റെ ദൈവാശ്രയത്തിനു മുമ്പിൽ ലജ്ജിതനായും പരാജിതനായും തീരുന്ന വിഷയമാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. തുടർന്ന് വായിക്കുക.

**യെഹസ്ക്കിയാവിനു ലഭിക്കുന്ന ബഹുമാനം. (2.ദിന.32:23)**

യഹോവ യിസ്രായേൽ നിവാസികളെ സൻഹേരിബിന്റെ കയ്യിൽ നിന്നും മറ്റെല്ലാവരുടെയും കയ്യിൽ നിന്നും വിടുവിച്ചു ഒരു വിശ്രമം നൽകി.

ദൈവത്തിലാശ്രയിച്ചു ജീവിക്കുന്നവർക്ക് പ്രശ്നങ്ങളും പോരാട്ടങ്ങളും ഉണ്ട്. പക്ഷേ അതിന്റെ പരിസമാപ്തി ഒരു വിശ്രമിത്തിലായിരിക്കുമെന്നു നാം മനസ്സിലാക്കുക.

മാത്രമല്ല പലരും യെഹസ്ക്കിയാവിനു വിശേഷവസ്തുക്കൾ കൊണ്ടു വന്നു. സകല ജാതികളുടെയും ദൃഷ്ടിയിൽ ഉന്നതനായിത്തീരുകയും ചെയ്തു.

താഴ്ത്തുന്നവരുടെയും പരിഹസിക്കുന്നവരുടെയും മുന്നിൽ ഉയർത്തുന്ന നല്ലൊരു ദൈവത്തെ ഇവിടെ ദർശിക്കാം. താത്ക്കാലികമായ താഴ്ചകൾ സ്ഥിരമായ ഉയർച്ചയുടെ മുന്നോടിയാണ്. കാരണം ഉയർത്തുന്നവൻ ദൈവമാണ്.



**യെഹസ്ക്കിയാവിന്റെ രോഗം.വാ.24.**

മാനസികമായ പ്രതിസന്ധിക്കു പരിഹാരം വന്നപ്പോൾ ശാരീരികമായി യെഹസ്ക്കിയാവ് ക്ഷീണിതനാകുകയാണ്. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് മരണകരമായ ദീനം എന്നാണ്. അത് എന്തെന്ന് യെശയ്യാ 38:21-ൽ കാണാം. അത് ഒരു പരുവായിരുന്നു. അതായത് മരണകാരണമാകുന്ന പരു.

ദൈവത്തിനുവേണ്ടി പ്രയോജനപ്പെടുന്നവർക്കും ദൈവഹിതപ്രകാരം ജീവിക്കുന്നവർക്കും മരണകാരണമായ രോഗം സംഭവ്യമാണെന്നു ഇതു തെളിയിക്കുന്നു. പഴയപുതിയനിയമങ്ങളിൽ നിരവധി ഉദാഹരണങ്ങൾ ഉണ്ടെങ്കിലും വിസ്താരഭയത്താൽ രണ്ടുകാര്യങ്ങൾമാത്രം സൂചിപ്പിക്കാം.

**എലിശ:**

ഏലിയാവിന്റെ ഇരട്ടിപ്പങ്ക് ആത്മാവ് ലഭിച്ചവൻ. നിരവധിപേർക്ക് പ്രയോജനീഭവിച്ചവൻ. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തവൻ. ശത്രുക്കളെ ധീരമായി നേരിട്ടവൻ. ജീവനുള്ള ദൈവത്തിനുവേണ്ടി ത്യാഗോജ്ജ്വലമായ ജീവിതം നയിച്ചവൻ എന്നിങ്ങനെ ഒട്ടനവധി സവിശേഷ ഗുണങ്ങളുള്ള വ്യക്തിയായിരുന്നു. പക്ഷേ എലീശയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ആകാലത്തു എലീശ മരണഹേതുകമായ രോഗം പിടിച്ചു കിടന്നു; 2 രാജാ.13:14. എന്നാൽ എലീശ മരിച്ചു. 2.രാജാ 13:20.

**പൗലോസ്:**

അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻ. നിരവധി ഈടുററ ലേഖനങ്ങൾ സഭകൾക്കും വ്യക്തികൾക്കും എഴുതിയവൻ. നിരവധി വ്യക്തികളെ ക്രിസ്തുവിങ്കലേക്കു ആകർഷിച്ചവൻ. അസംഖ്യം സഭകൾക്ക് ആരംഭം കുറിച്ചവൻ...എന്നിങ്ങനെ പോകുന്നു തന്റെ യോഗ്യതാ വിവരണങ്ങൾ. പക്ഷേ പൗലോസ് ജഢത്തിലെ ശൂലമായ രോഗം മാറുവാൻ ദൈവത്തോട് മൂന്നു പ്രാവശ്യം പ്രാർഥിച്ചു. 2 കൊരി 12:7. ശാരീരികസൗഖ്യം ലഭിച്ചില്ല. പക്ഷേ ദൈവകൃപ ലഭിച്ചു. ശരീരികസൗഖ്യം ദൈവകൃപയിൽ പൊതിയപ്പെട്ടതിനാൽ പിന്നെ സൗഖ്യം ലഭിക്കുവാൻ പ്രാർത്ഥിച്ചില്ല. ഇതാണ് ദൈവഭക്തരുടെ അവസ്ഥ. ഇങ്ങനെയാകട്ടെ നമ്മുടെയും കാഴ്ചപ്പാട്. സൗഖ്യ ലഭിച്ചാലും ഇല്ലെങ്കിലും ദൈവകൃപ മതി നമുക്ക്. ഈ രണ്ടു വ്യക്തികളിൽ നിന്നും നാം മനസ്സിലാക്കേണ്ട ആത്മീയ പാഠം. ഏതു ദൈവഭക്തനും രോഗം വരാം. അതു മരണ കാരണമാകാനും സാദ്ധ്യതയുണ്ട്. സൗഖ്യം തരണമോ വേണ്ടയോ എന്നത് ദൈവിക പദ്ധതിയിൽപ്പെട്ടതുമാണ്.

ഇവിടുത്തെ നമ്മുടെ പ്രതിപാദ്യ പുരുഷൻ യെഹസ്ക്കിയാവാണ്. അവന മരണകാരണമായ രോഗം വന്നു. അവ യഹോവയോടു പ്രാർത്ഥിച്ചു. അതിനു യഹോവ ഉത്തരം അരുളിയെന്നു മാത്രല്ല, ഒരു അടയാളവും കൊടുക്കുന്നു.

**ഹിസ്ക്കിയാവിനു ദൈവം കൊടുത്ത അടയാളം.**

ആഹാസിന്റെ ഘടികാരത്തിൽ സൂര്യഗതി അനുസരിച്ചു ഇറങ്ങിപ്പോയിരിക്കുന്ന നിഴലിനെ ഞാൻ പത്തു പടി പിന്നോക്കം തിരിയുമാറാക്കും. അങ്ങനെ സൂര്യൻ ഘടികാരത്തിൽ ഇറങ്ങിപോയിരുന്ന പത്തു പടി തിരിഞ്ഞു പോന്നു.(യെശയ്യ 38:8). ഇതു സംഭവ്യമല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നുവെങ്കിലും ഭൂഗോള ശാസ്ത്രജ്ഞൻമാർ ഇപ്രകാരം പറയുന്നു. ചിലപ്പോൾ ആകാശത്തു ദൃഷ്ടിക്കു ഗോചരമല്ലാത്ത ഒരുമാതിരി മേഘംവരാറുണ്ട്. ഈ മേഘത്തെ കടന്നു താഴെ വരുന്ന സൂര്യ കിരണങ്ങൾ പതിവുപോലെ ഒരു സൂര്യഘടികാരത്തിൽ മുമ്പോട്ടുപോകുന്നതിനു പകരം വളഞ്ഞു പുറകിലോട്ടു പോകുന്നതായിട്ടു തോന്നും.

ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു കാര്യം. ദൈവം അടയാളം കൊടുത്തിട്ടുണ്ടെങ്കിൽ അതു സംഭവ്യമാണ്. മാനുഷിക ബുദ്ധിക്കു മനസ്സിലാക്കുവാൻ സാധിക്കാത്തവിധത്തിലുള്ളതാണ് ദൈവീക പദ്ധതികൾ. ആകാശവും ഭൂമിയും മാറിപ്പോകും. പക്ഷേ ദൈവവചനം ഒരിക്കലും മാറുകയില്ല. യെഹസ്ക്കിയാവ് ആശ്രയിച്ച ദൈവം അവന്റെ പ്രാർത്ഥനയ്ക്ക് മറുപടി കൊടുക്കുന്നു. രോഗം മാറുവാൻ അവൻ ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്തെങ്കിൽ യെഹസ്ക്കിയാവിന് 15 സംവത്സരം കൂടി നീട്ടിക്കൊടുത്തു അവനോടു കരുണ കാണിക്കുന്നു. പക്ഷേ തനിക്കു ലഭിച്ച ഉപകാരത്തിനു തക്കവണ്ണം നടക്കാതെ നിഗളിച്ചു. അവ അടുത്ത ലക്കത്തിൽ വിശദമാക്കാം.


(തുടരും)

# ജോൺ നോക്സ്

## (ജീവ ചരിത്രം)

(2)

DR. T.E.EASOW




ഈ വനിതാ ഭരണാധികാരികൾ തമ്മിലുണ്ടായ വടംവലി സ്ക്കോട്ട്ലണ്ടിൽ നവീകരണം ശക്തിപ്പെടുവാൻ വഴി തെളിച്ചു. 1558-ൽ എലിസബെത്ത് ഇംഗ്ളണ്ടിലെ രാജ്ഞിയായി അധികാരത്തിൽ വന്നു രാജ്ഞി സ്ഥാനം വഹിക്കുവാൻ എലിസബെത്തിന് യോഗ്യതയില്ലായിരുന്നുവെന്ന് കത്തോലിക്കാ പർട്ടി ആവശ്യപ്പെട്ടു. അവൾ അന്നാ ബോലിയന്റെ മകളായിരുന്നു. ഹെൻട്രി ആറാമനും അന്നബോലിയനുമായിട്ടുള്ള വിവാഹത്തെ കത്തോലിക്കാ സഭ അംഗീകരിച്ചിരുന്നില്ല". എലിസബെത്തിനു പകരംമേരിയാണ് രാജ്ഞി സ്ഥാനത്തിനർഹയെന്ന് കത്തോലിക്കാ സഭ വാദിച്ചു. 1558-ൽ മേരി ഫ്രാൻസ് കിരീടാവകാശിയായ ഫ്രാൻസിസ് രണ്ടാമനെ വിവാഹം കഴിച്ചു. അടുത്ത വർഷം തന്നെ. ഫ്രാൻസിസ് രണ്ടാമൻ ഫ്രാൻസിലെ രാജാവായിത്തീരുകയും ചെയ്തു. ഇംഗ്ളണ്ടും ഫ്രാൻസും തമ്മിലുണ്ടായ ഈ ബന്ധത്തിൽ ഇംഗ്ളണ്ടിലെ പ്രൊട്ടസ്റ്റൻന്റ് സമൂഹം ഭയവിഹ്വലരായി. ഫ്രാൻസിസ് രണ്ടാമനും മേരിയെയും സമർപ്പിതരായ കത്തോലിക്കരായിരുന്നു. പ്രൊട്ടസ്റ്റന്റ് സമൂഹത്തിന് പ്രതികൂലമായി കാററ് വീശുവാൻ തുടങ്ങി.

1559-ൽ ജോൺ നോക്സ് എഡിബെറോയിലെത്തി. തന്റെ ഉദ്ദേശം കത്തോലിക്കാ രാജ്ഞിക്കെതിരായി പ്രൊട്ടസ്റ്റന്റുകാരെ സംഘടിപ്പിക്ക എന്നതായിരുന്നു. അവരുടെ ഭയം വർദ്ധിച്ചു. സ്കോട്ടീഷ് ഭരണ ചക്രം വഹിച്ച മേരി ഗായോസ് നോക്സിനെ നിയമ വിരോധിയായി പ്രഖ്യാപിച്ചു. കത്തോലിക്കരുടെ മാസ്സിന് അതായത് കുർബാനയെ നിരാകരിച്ചുകൊണ്ട് ജോൺ നോക്സ് പ്രതികരിച്ചു. വിപ്ളാവസക്തരായ ജനങ്ങൾ ഇളകി. സന്ന്യാസി മഠങ്ങളും പള്ളികളിലെ വിഗ്രഹങ്ങളും ഫോട്ടോകളും നശിപ്പിച്ചു. ജോൺ നോക്സിന്റെ നേതൃത്വത്തെ ഇംഗ്ളണ്ട് ആദരിച്ചു. 1560-ൽ സ്കോട്ട്ലണ്ടിന്റെ ഭരണചക്രം വഹിച്ചിരുന്ന റീജന്റ് മരണമടഞ്ഞു. ഒരു മാസത്തിനകം ഇംഗ്ളണ്ട് പട്ടാളവും ഫ്രഞ്ചു പട്ടാളവും തമ്മിൽ സന്ധിയുണ്ടായി. മേരി ഫ്രാൻസിൽ ഇല്ലാതിരുന്ന അവസരത്തിലുണ്ടായ ഈ ഒത്തു തീർപ്പിൽ സ്കോട്ടീഷ് ഭരണം സ്ക്കോട്ട്ലണ്ടുകാർ കൗൺസിലിന് വിട്ടുകൊടുത്തു. കൗൺസിൽ കൂടിയപ്പോൾ അതിൽ പ്രൊട്ടസ്റ്റന്റിന് ഭൂരിപക്ഷം ലഭിച്ചു. തൻ നിമിത്തം കത്തോലിക്കാ സഭയ്ക്ക് എതിരായിട്ട് കാര്യങ്ങൾ നീങ്ങി. വിശ്വാസ പ്രമാണങ്ങൾ ജോൺ നോക്സും അനുകൂലികളും എഴുതിയുണ്ടാക്കി. 1560-ൽ ഫ്രാൻസിസ് രണ്ടാമൻ ചരമമടഞ്ഞു. മേരി വിധവയായിത്തീർന്നു. കത്തോലിക്കാ സഭയെ പുനർ ജീവിപ്പിക്കണമെന്ന ആഗ്രഹത്തോടെ സ്ക്കോട്ട ്ലണ്ടിലേക്കു മടങ്ങി. ഇംഗ്ളണ്ടിലെ സിംഹാസനവും നേടിയെടുക്കണമെന്നതായിരുന്നു മേരിയുടെ മോഹം.

ജോൺ നോക്സും മേരിയും തമ്മിൽ ഏററുമുട്ടി. രാജ്യദ്രോഹകുററം ചുമത്തി നോക്സിനെഅറസ്റ്റു ചെയ്തു. എന്നാൽ കോടതി നോക്സിനെ വിടുതൽ ചെയ്തു. ജോൺ നോക്സ് വീണ്ടും മേരിക്കെതിരായി ശബ്ദമുയർത്തിക്കൊണ്ടിരുന്നു. നോക്സിന്റെ സ്ഥാനം കൂടുതൽ പ്രബലപ്പെട്ടു. എന്തിന് അവസാനം മേരി തന്റെ സ്ഥാനം രാജിവെക്കുവാൻ നിർബന്ധിതയായി,. എലിസബെത്ത് മേരിയെ തടവിലാക്കുകയും ചെയ്തു. 1568-ൽ മേരി വിടുവിക്കപ്പെട്ടു. മേരിയുടെ സ്ഥാനത്ത് അവരുടെ പ്രായം കുറഞ്ഞ മകൻ ജയിംസ് ആറാമൻ രാജാവായി. സ്കോട്ട്ലണ്ട് വിട്ടു കൊടുത്തു. അദ്ദേഹം ഒരു പ്രൊട്ടസ്റ്റന്റ് ആയിരുന്നു.സ്കോട്ട്ലണ്ടിന്റെ രഷ്ട്രീയ അന്തരീക്ഷം വീണ്ടും പ്രൊട്ടസ്റ്റന്റുകൾക്കു അനുകൂലമായിത്തീർന്നു. ജോൺ നോക്സിനും തന്റെ അനുയാ യികൾക്കും വലിയ വിജയം ലഭിച്ചു. 1570-ൽ ജോൺ നോക്സിന് പെട്ടെന്നു ശരീരത്തിന്റെ ഒരു വശം തളർന്നു. ആരോഗ്യം വീണ്ടെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. 1572-ൽ നവംബർ നാലിന് സ്കോട്ട്ലണ്ടിനെ ഇളക്കിയ ഈ നവീകരണ കർത്താവ് എഡിൻബെറോയിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. തന്റെ അവസാന വർഷങ്ങൾ എഡിൻബെറോയിലുള്ള സെന്റ് ആൻഡ്രൂസ് സഭയോടുള്ള ബന്ധത്തിൽ ചിലവഴിച്ചു. ആ സഭയ്ക്ക് പ്രസംഗങ്ങളും നിർദ്ദേശങ്ങളും നൽകിക്കൊണ്ടിരുന്നു.

ചരിത്രകാരൻമാർ സ്ക്കോട്ട്ലണ്ട് ചരിത്രത്തിൽ ജോൺ നോക്സിന് അമിത പ്രാധാന്യം നൽകുന്നുണ്ട്. നോക്സിന്റെ സ്വാധീന ശക്തി പ്രൊട്ടസ്റ്റന്റ് സഭയിൽ മാത്രം ഒതുങ്ങി നിന്നില്ല. പിന്നെയോ സ്കോട്ട്ലണ്ടിന്റെ രാഷ്ട്രീയ ഭാവിയെ രൂപീകരിക്കുന്നതിലും വിലപ്പെട്ടതായിരുന്നു. നോക്സിന്റെ ജനനസമയത്ത് സ്കോട്ട്ലണ്ട് വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. അക്രമാസക്തരായ പ്രഭുക്കൻമാർ അന്യോന്യം പോരാടിക്കൊണ്ടിരുന്നു. രാജ്യഭരണത്തെ അവർ ബലഹീനമാക്കിയിരുന്നു. ജനങ്ങൾ കത്തോലിക്കർ പ്രൊട്ടസ്റ്റന്റുകാർ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. ഈ സന്ദർഭം കൈയിലെടുത്തുകൊണ്ട് ഇംഗ്ളണ്ടം ഫ്രാൻസും തങ്ങളുടെ ആധിപത്യം സ്ക്കോട്ട്ലണ്ടിൽ സ്ഥാപിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരുന്നു. തൽഫലമായി സ്കോട്ട്ലണ്ട് ശിഥിലീഭവിച്ചു.

നോക്സ് തന്റെ നവീകരണ ശ്രമത്തിൽ വിജയിയായി. രാഷ്ട്രീയവും മതപരവുമായ ഐക്യതയിലേക്ക് സ്കോട്ട്ലണ്ടിനെ താൻ നയിച്ചു. മേരിയെ ഭരണാധിപത്യത്തിൽ നിന്നും സ്ഥാനഭ്രംശം ചെയ്ത തിനുശേഷം സ്കോട്ട്ലണ്ട് ഒരു പ്രൊട്ടസ്റ്റന്റ് രാഷ്ട്രമായിത്തീർന്നു. ഫ്രാൻസിനെയോ ഇംഗ്ളണ്ടിനെയോ ആശ്രയിക്കാതെ ഈ കൊച്ചു രാജ്യം സ്വതന്ത്രമായി. ആഭ്യന്തരകലഹങ്ങൾ മിക്കതും അസ്തമിച്ചു. ആഭ്യന്തര സമാധാനം കൈവരിച്ചതോടുകൂടി സംസ്ഥാന പുരോഗതിക്കു വേണ്ട പലതും ചെയ്യുവാൻ സാധിച്ചു. വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി. സ്കോട്ട്ലണ്ട് സർവകലാശാല ലോക പ്രസിദ്ധി ആർജ്ജിച്ചു. അവിടെ വിദ്യ അഭ്യസിച്ചവിദ്യാർത്ഥികൾ വിവിധ തുറകളിൽ നിപുണൻമാരായിത്തീർന്നു.

ഇതനെല്ലാം കാരണം ജോൺ നോക്സ് എന്നു പറഞ്ഞു കൂടാ . അദ്ദേഹം മൂലം സ്കോട്ട്ലണ്ട് ദേശവാസികൾക്കുണ്ടായി പരിവർത്തനമാണ് സ്കോട്ട്ലണ്ട് പിൽക്കാലത്ത് കൈവരിച്ച അഭിവൃദ്ധികാരണമെന്നതിനു തെല്ലും സംശയമില്ല. ഒരു ദേശത്തിനും ഒരു വ്യക്തിക്കും വ്യക്തിപ്രഭാവത്താൽ പരിവർത്തനം ഉണ്ടായിട്ടുണ്ടെങ്കിൽ അതു സ്കാട്ട്ലണ്ടിനാണ് ലഭ്യമായിട്ടുള്ളത്. അതു നവീകരണ നേതാവായ ജോൺ നോക്സ് മൂലം.

# Attention Pastors And Evangelists

*E. S. Thomas-Edayaranmula*

All the pastors and Evangelists who have public attention should always remember they are servants of the most Holy God and ministers of God's Word.

If you do not have self control, you should never go around ministering alone. Remember to take your wife with you.

We are living in a modern world of technology. The sin you victoriously commited in secluded place can be recreated by the camera watches all what you have done, if it placed and you are unknown about it.

If a co believer accept you in his house, he accepted you as you belived you a servant of God. Never cause to loose that faith. Once it is lost, lost for ever.

Be not David in secluded area but be a Joseph.Let God and the believer accommodated you belive you simultaneously.

Bible says, the scar of the adulterous shall not be disappeared.Creator God has created us with certain instinct of which sex instinct is the most bombastic.




Speaking in tongues and outflow of anointing in prophecy will not prove you a faithful servant.Learn to control yourself at all time in the grace and the holiness of God, you will never be embarrassed.

Doctrinal errors and moral failures are incorporated. He who is failed in doctrine is failed in his moral life, no doubt.Holiness in life both secret and public is the explicit sign of a Spirit filled life. Public attention is no guarantee for personal holiness of life and integrity of heart.God bless

## ഒരു പുനർ പരിശോധന ആവശ്യം (തുടർച്ച)

നമ്മുടെതല്ലാത്ത മററു ക്രൈസ്തവ വിഭാഗത്തിലുള്ള വർ ഇന്നു മിക്കവാറും ദൈവത്തെ അവൻ ,ഇവൻ, ഇവനോട് എന്ന വാക്കുകൾ മാററി അവിടുന്ന്, അങ്ങ്, അവിടുത്തെ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ ഗാനരചയിതാക്കൾ എത്രയും വേഗം ആവിഷയത്തിൽ മാററം വരുത്തിയേ മതിയാകൂ. അതുപോലെ പഴയഗാനങ്ങളിൽ ദേവൻ എന്ന പദം നമ്മുടെ ദൈവത്തെ സംബോധന ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ ദൈവത്തെ ദേവൻ എന്നു സംബോധന ചെയ്യാൻ പാടില്ല. നമ്മുടെ ദൈവം ദേവാധി ദൈവവും രാജാധിരാജാവുമാണ്. അങ്ങനെയുള്ള പ്രയോഗങ്ങൾ തുടർന്ന് ഭാഷയിൽ വരാതിരിക്കാൻ ശ്രമിക്കേണ്ടതാണ്.

**5.** ക്രൈസ്തവ എഴുത്തുകളിൽ. നാം എഴുതിയതും പറഞ്ഞതും ശീലിച്ചതിൽ നിന്നും പെട്ടെന്ന് മാററം വരുത്താൻ പ്രയാസമായിരിക്കും. എന്നാൽ മലയാള ഭാഷയുടെ വളർച്ച പരിഗണിച്ച ദൈവത്തെ സംബോധന ചെയ്യുന്ന സന്ദർഭങ്ങളിൽ എത്രയും ഭക്തിയും ഭയവും ബഹുമാനവും ഉളവാകുന്ന പദങ്ങൾ മാത്രമെ ദൈവത്തെ സംബോധന ചെയ്യാൻ ഉപയോഗിക്കാവൂ. മുകളിൽ പറഞ്ഞിരിക്കുന്ന നിലയിൽ ദൈവത്തെ സംബോധന ചെയ്യുന്ന മേഖലകളിൽ കാലോചിതമായ മാററങ്ങൾ വരുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നിൽ പലർക്കും നൂറു വർഷത്തിനു മുമ്പുള്ള മലയാള ഭാഷ മാത്രമെ അറിയാവൂ എങ്കിൽ നമ്മുടെ അവസ്ഥ നാം തിരിച്ചറിഞ്ഞ് മാററത്തിനു വിധേയരാകേണ്ടതാണ്. അങ്ങനെ ദൈവത്തെ സംബോധന ചെയ്യുന്ന വിഷയത്തിൽ ഒരുപുനർ വിചിന്തനത്തിനു ഇടയാകുവാൻ ഈ ചെറിയ ലേഖനം മൂലം ഇടയാകുവാൻ ദൈവം സഹായിക്കട്ടെ.

## പഴമൊഴി

♐ കുന്നുകൾ മാററിയ മനുഷ്യൻ ആ ജോലിയാരംഭിച്ചത് ഓരോ കല്ലുകൾ മാററിക്കൊണ്ടാണ്.

♐ മനുഷ്യൻ ആരാണെന്നും എന്താണെന്നും കാണിക്കുന്നതാണ് ദുരിതങ്ങൾ. രാകിയാണ്വജ്രം മിനുക്കുന്നത്. പരീക്ഷണങ്ങൾക്കു വിധേയനായി മനുഷ്യനും രൂപപ്പെടുന്നു.

## JESUS CHRIST

അഹിംസാ തത്വങ്ങളിലും ശ്രീയേശുവിന്റെ പരിത്യാഗജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. എന്നാൽ ആരെ കൂടുതൽ സ്നേഹിക്കും എന്നു ചോദിച്ചാൽ ഞാൻ പറയും ക്രിസ്തുവിനെയെന്ന്.

-സി.വി.രാമൻ

**PRAY... PRAY...PRAY**

# GUJARAT BRETHREN GOSPEL TEAM

## VILLAGE EVANGELISM MINISTRY



**Date:**

**DECEMBER 3rd Week 2022**

**Place:**

**NARMADA**
**TAPI**
**DANG**
**DISTRICTS**

മേൽപ്പറഞ്ഞ ജില്ലകളിലെ ഗ്രാമങ്ങളിൽ നവംബർ മാസത്തിൽ നടത്താനിരുന്ന പ്രോഗ്രാം ഗുജറാത്ത് ഇലക്ഷൻ പ്രമാണിച്ച് മാററം വരുത്തിയതാണ്.

(Simon Payyanur)

## ഗാന ക്വിസ്:263

ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഈ ഗാനത്തിന്റെ തുടക്കം ഏത് ? ഉത്തരങ്ങൾ ഡിസംബർ25 നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ അയക്കുക.



**ഗാനം:**

അവനീശസുതൻ മഹിമോന്നതനാം
അവനീശ്വരനിൽ ബഹുവന്ദിതനാം...

*Send your Answer:*

What's App No - 9825169406 OR E-mail: payyanursimon@gmail.com

ഗാനക്വിസ് 262-ന്റെ ഉത്തരം

ക്രിസ്തു മൂല ദൈവരാജ്യം

രചയിതാവ്:

വി.നാഗൽ

**വിജയികൾ**

1. Varghese George-Jabalpur
2. Dixon Abraham-Vyttila
4. Blessy Benoy Mon-Angamaly
5. Thankamma Varghese-Aranmula

# വിമർശന വീഥി

## അന്യസംസ്ഥാനത്തിരുന്ന് ഗ്രൂപ്പിസം കളിക്കുന്ന വികൃതി കുട്ടൻമാർ

ഗുജറാത്തിലെ രണ്ടു മൂന്നു ഉപദേശിമാരുടെ മക്കൾക്ക് ഗുജറാത്തിലെ ആത്മാക്കളെക്കുറിച്ചുള്ള ഭാരം ഏറിവരികയാണെന്നറിയുന്നു. ഇതിൽ മരിച്ചുപോയ ഒരു സുവിശേഷകന്റെ മകനാണ് കൂടുതൽ ഭാരം. ആ ഭാരം താങ്ങാൻ കഴിയാതെ വരുമ്പോൾ ഒരു കറക്കം ഗുജറാത്തിൽ കറങ്ങും. കാരണം ഈ ഭാരക്കാരൻ മററൊരു സംസ്ഥാനത്താണ് ജോലിചെയ്യുന്നത്. അവിടെയിരുന്ന് ഗുജറാത്തിലെ ചില തരംകിട്ടുന്നിടത്തു പാർക്കുന്ന ലേവ്യരെ കൂട്ടുപിടിച്ച് ആ ഭാരം ഇറക്കിവെക്കുകയാണ്.

പ്രായവും പക്വതയുമുള്ള പല സുവിശേഷകൻമാരും ഈ പക്വതയില്ലാത്തവരുടെ ആത്മഭാരത്തെ പിള്ളേർ കളിയായി കാണുന്നതിനാൽ അവരിൽ നിന്ന് അകലം പാലിക്കുകയാണ്. എന്നിരുന്നാലും കുറെ കുട്ടിശങ്കരൻമാർ എല്ലായിടത്തും ഉള്ളതിനാൽ അവർക്കാവശ്യം മാമോനാണ്. അതു ആരു കൂടുതൽ കൊടുക്കുന്നുവോ അവരോടു ചേർന്നു വേലവെക്കുന്ന ഉപദേശിമാർ ഉള്ളത് ഇത്തര വികൃതികുട്ടൻമാർക്ക് ഒരാശ്വാസമാണ്.


ഈ ആത്മഭാരദാഹികളായ കുട്ടൻമാരുടെ പിതാക്കൻമാർ ഒരു കാലത്ത് സംഘടനകളെ ഒക്കെ നഖശിഖാന്തം എതിർത്തവരാണ് എന്നതാണ്ഏറെ രസകരം. അവരുടെ തലമുറയാണ് സംഘടനാ വ്യക്താക്കളായി നടക്കുന്നത്. സുവിശേഷീകരണം ലക്ഷ്യമാക്കി മാത്രം ഉള്ള കൂട്ടായ്മകളെ ഞങ്ങൾ അനുകൂലിക്കുന്നു. പക്ഷേ ആത്മഭാരമെന്ന കപടമുഖം അണിഞ്ഞ് ശാന്തമായി ദൈവവേല ചെയ്തുകൊണ്ടിരിക്കുന്നവരുടെ ഇടയിൽ വിഭാഗീയത വളർത്തുവാനുള്ള നീക്കങ്ങൾ ആത്മീയരായവർക്കു ഭൂഷണമല്ല. പിതാക്കൻമാരുടെ കാഴ്ചപ്പാട് തെററായിരുന്നുവെന്നു മക്കൾ സ്ഥാപിക്കയാണ്.

സ്വദേശവിദേശ സ്വന്തബന്ധപരിചയക്കാരിൽ നിന്നും ഗുജറാത്തിലെ ആത്മാക്കളുടെ ഭാരത്തിന്റെ കണക്കും പറഞ്ഞ് പണം വരുന്നത് നില്ക്കാതിരിക്കുവാനോ അതോ മുൻകാലങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്നത് നില്ക്കാതിരിക്കുവാനോ ആണ് ഈ വികൃതിക്കുട്ടൻമാരുടെ തത്രപ്പാട് എന്നു ആരങ്കിലും സംശയിച്ചാൽ അവരെ കുററം പറയാനാകില്ല.

ഗുജറാത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നൊക്കെ പറഞ്ഞു ഇവർ സോഷ്യൽ മീഡിയായിൽ ചിലതൊക്കെ പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്നാണ് അറിയുന്നത്. അതു അവരുടെ വ്യക്തിപരമായ കാര്യം. ആർക്കും എവിടെയും പോകാം. പ്രവർത്തിക്കാം. പക്ഷേ ഗ്രൂപ്പിസം കളിക്കാനാണ് ഈ ആത്മഭാരമെങ്കിൽ ഇവരെ ദുർഗ്ഗുണ പാഠശാലയിൽ വിടുകതന്നെ വേണം.

ഗുജറാത്തിലെ പല സുവിശേഷകൻമാരും പ്രായാധിക്യത്തിന്റെ ക്ഷീണത്താൽ കഴിയുന്നവരാണ്. അതിനാൽ ഈ ആത്മഭാരമുള്ള സുവിശേഷകൻമാരുടെ മക്കൾ തങ്ങളുടെ ജോലി രാജിവെച്ച് ഗുജറാത്തിലെ പ്രവർത്തനം ഇല്ലാതിരിക്കുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ട് ആത്മഭാരം തെളിയിക്കുക. അതിനു നട്ടെല്ലും ചങ്കൂററവും വേണം. ദർശനം വേണം,സമർപ്പണം വേണം. അതില്ലാത്ത വികൃതികുട്ടപ്പൻമാരാണ് ഇത്തര പരിപാടി നടത്തുന്നത്. മക്കൾക്കു ആത്മീയതയോ വിവരമോ ഇല്ലെങ്കിലും ബന്ധക്കാർക്കും പിതാക്കൻമാർക്കും അവരുടെ സഭകൾക്കുമെങ്കിലും വിവരം ഉണ്ടാകണം.

വിഭാഗീയത ഉണ്ടാക്കുന്ന ഈ വികൃതികുട്ടപ്പൻമാർക്കു നല്ല ബുദ്ധി ഉണ്ടാകട്ടെ. **(Simon Payyanur)**

## കണ്ടതും  ...  കേട്ടതും

● രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തു **എഴുന്നെള്ളണമേ കർത്താവേ**... എന്നു ഒരു മൂപ്പന്റെ പ്രാർത്ഥനയ്ക്ക് ഡിങ്കൻമാരും കുറെ വിശ്വാസികളും ചേർന്നു ആമേൻ പറഞ്ഞു.

പത്തനംതിട്ട ജില്ലയിലെ **ആ-തുരാലയ** മൂപ്പനെ മത്തായി 18:20 നൂറുപ്രാവശ്യം എഴുതിപ്പിക്കണം. പിന്നെ ആമേൻ പറഞ്ഞവർ ചന്തയിൽ പോയി **നെയ്-മീൻ** വാങ്ങുന്നതോർത്ത് **ആ-മീൻ** എന്നു പറഞ്ഞതാകാം. പ്രസ്തുത സഭയിലെ **സണ്ടേസ്ക്കൂളിലെ ഒന്നാം ക്ളാസ്സിൽ** മൂപ്പനെ ഇരുത്തണം.

● കുമ്പനാട്ടെ ഒരു ഓഡിറേറാറിയത്തിൽ കുറച്ചു നാളുകൾക്കു മുമ്പ് മരപ്പട്ടി കുറെ നാശനഷ്ടങ്ങൾ വരുത്തി.

ബ്രദറൺകാർ സഭയ്ക്കകത്തു നാശം വരുത്തുന്നതു കണ്ട **മരപ്പട്ടി തന്റെ പ്രതിഷേധം** ഓഡിറേറാറിയത്തിൽ നടത്തി മാതൃക കാണിച്ചതാണ്.

● പത്തനംതിട്ടയിലെ ഒരു അഗപ്പെക്കാരൻ വിവിധ സാമൂഹ്യമതനേതാക്കളുടെ മുമ്പിൽ നിലവിളക്ക് കൊളുത്തി ആഘോഷം നടത്തിയപ്പോൾ ഒരു ബ്രദറുകാരൻ അങ്കിളും ഉണ്ടായിരുന്നു.

**ഒരു-മൈൽ -അപ്ര** മുള്ള **അങ്കിൾമൂപ്പനില്ലാതെ** അഗപ്പെക്കാർക്ക് എന്ത് ആഘോഷം. പിന്നെ **അഗപ്പെ** യുള്ളവർക്ക് ഇങ്ങനെയൊന്നും ചെയ്യാൻ സാധിക്കില്ല.

● ഗുജറാത്തിലെ ഒരു അന്യഭാഷക്കാരനായ ഉപദേശി പരസ്ത്രീബന്ധത്തിൽ ആരോപിതനായ ഒരുവനെ വിളിച്ച് പ്രസംഗിപ്പിച്ച് രണ്ടുപേരുടെയും **ഫെയ്സ് ഒരു ബുക്കിൽ** ഇട്ടു.

**ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്** എന്നു പറയാം. പിന്നെ അന്യഭാഷ ഉപദേശിക്ക് ഉപദേശവും,ജീവിത വിശുദ്ധിയും വിഷയമല്ലാത്തതിനാൽ നോ പ്രോബ്ളം.

● പത്തനംതിട്ട ജില്ലയിലെ ഒരു വലിയ സഭയിലെ മൂപ്പൻ(കുമ്പനാട് ആണോ എന്നു മാത്രം ചോദിക്കരുത്) ഫുട്ബോൾ കളികാണാൻ ഡോഹയിൽ പോയി.

**സഭയിൽ ഫോർവേർഡിലിരുന്നു കളിച്ചിട്ടും ഗോൾ നേടാൻ** സാധിക്കാത്തതിനാൽ നിരാശ മാററാൻ പോയതാണ്. തിരിച്ചുവരുമ്പോൾ സഭാ ജനങ്ങൾ സൂക്ഷിക്കുക. ഫൗൾ പ്ളേയ്ക്ക് സാദ്ധ്യതയുണ്ട്.

● ബ്രദറുക്കാരായ ചിലരുടെ ശവസംസ്ക്കാര ശുശ്രൂഷയിലെ അനുസ്മരണങ്ങൾ അതിരുകവിയുന്നു.

നീണ്ട അനുസ്മരണങ്ങൾ മരിച്ച വ്യക്തിയുടെ **ശുദ്ധീകരണ സമയമാണ്**. അനുസ്മരണ **തള്ളൽ** എന്നുപറയാം.

● കല്ലിശ്ശേരി കൺവെൻഷനു പിരിവുകൾ തുടങ്ങി.

**പിരിയൻമാരുടെ** കൺവെൻഷൻ എന്നു പറയാം.

**(SP)**

## PRAY FOR GUJARAT

# GUJARAT BRETHREN GOSPEL TEAM

*( Village Evangelism Minisry )*



ഗുജറാത്തിലെ പ്രാദേശിക ഭാഷക്കാരായ സുവിശേഷകൻമാരുടെ സഹകരണത്തോടെ 2015 മുതൽ നടന്നു വരുന്ന ഒരു ടീം പ്രവർത്തനം

# VILLAGE EVANGELISM NEWS

**(21st November 2022)**



നവംബർ മാസത്തിൽ നടത്താനിരുന്ന നർമ്മദ,തപി,ഡാംഗ് ജില്ലകളിലെ പ്രവർത്തനം ഗുജറാത്ത് ഇലക്ഷൻ പ്രമാണിച്ച് ഡിസംബർ മൂന്നാം വാരത്തിലേക്കു മാററി. ദൈവജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

നവംബർ 21-ാം തീയതി ടീമിലെ എല്ലാ സഹോദരൻമാരും ബറോഡയിൽ ഒരുമിച്ച് കൂടുവാൻ ദൈവം കൃപ ചെയ്തു. ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീമിന്റെ പ്രവർത്തനം മുഖാന്തരം വിവിധ ഗ്രാമങ്ങളിലെ ചിലരെങ്കിലും സുവിശേഷം കേൾക്കുവാനും ക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുവാനും തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും.

**(Simon Payyanur)**



**HAPPY VOICE**

**Please Mail :-**

**SIMON PAYYANUR**
**PLOT.NO.147,SECTOR.7,GANDHIDHAM**
**370201,KUTCH,GUJARAT.**
M- 9825169406;9316128567
e-mail: payyanursimon@gmail.com



ബ്രദറൺ സഭകളിൽ നടക്കുന്ന അനീതികൾക്കും അഴിമതികൾക്കും വചനവിരുദ്ധ പ്രവണതകൾക്കും എതിരെ നിഷ്പക്ഷമായും നിർഭയമായും പ്രതികരിക്കുന്ന ഒരു ഇലക്ട്രോണിക് പ്രസിദ്ധീകരണം

Edited, Lay Out & Published by Simon Payyanur at Gandhidham.